Vaccination.

67. മിസ്റ്റർ. സി. എൻ. ഇട്ടിരവി നമ്പൂതിരി.—(ക). ഇക്കൊല്ലം മസൂരി കുത്തിവച്ചതുകൊണ്ടു് നമ്മുടെ രാജ്യത്തുള്ള വല്ലവർക്കും മസൂരി രോഗം ഉണ്ടായിട്ടുണ്ടോ;

(ഖ) തൻമൂലം മരണമോ മറ്റു വല്ല രോഗമോ ബാധിച്ചിട്ടുണ്ടോ?

ഡാക്ടർ. ഡി. രാഘവേന്ദ്രറാവു.—(ക). ഇല്ല.

(ഖ). ഇല്ല.

68. മിസ്റ്റർ. സി. എൻ. ഇട്ടിരവി നമ്പൂതിരി.—വാക്സിനേറ്റർമാർ (Vaccinators) കുട്ടികളെ കുത്തിവയ്ക്കുന്നതിനു മുമ്പു് അവരുടെ തല്ക്കാല സ്ഥിതികളെന്താണെന്നു വല്ല ഡാക്ടർമാരും പരിശോധിച്ചു് അതിനു വിരോധമില്ലെന്നു സർട്ടിഫിക്കറു് നല്കാറുണ്ടോ?

ഡാക്ടർ. ഡി. രാഘവേന്ദ്രറാവു.—ഇല്ല.

69. മിസ്റ്റർ. സി. എൻ. ഇട്ടിരവി നമ്പൂതിരി.—വാക്സിനേറ്റർമാർ കുത്തിവയ്പു നടത്തിയതിന്റെ ശേഷം അതിന്റെ ഫലം ആ ശിശുവിൽ എന്തായിരുന്നുവെന്നു വീണ്ടും പരിശോധിച്ചു റിക്കാർട്ടാക്കാറുണ്ടോ?

ഡാക്ടർ. ഡി. രാഘവേന്ദ്രറാവു.—ഉവ്വു്.

മിസ്റ്റർ. സി. എൻ. ഇട്ടിരവി നമ്പൂതിരി.—ഇങ്ങനെ പരിശോധിച്ചിട്ടുള്ളതിന്റെ ഫലം എന്തെന്നറിഞ്ഞാൽ കൊള്ളാം.

ഡാക്ടർ. ഡി. രാഘവേന്ദ്രറാവു.—വസൂരി കുത്തിവച്ചശേഷം രണ്ടാഴ്ചക്കുള്ളിൽ ആ കുട്ടികളെ നോക്കീട്ടു് അതിന്റെ ഫലത്തെപ്പറ്റി റിപ്പോർട്ടു ചെയ്യാറുണ്ടു്. അതിനുശേഷം സാനിട്ടറി ഇൻസ്പെക്ടർ അവിടെപോയി സ്ഥലം പരിശോധിക്കാറുമുണ്ടു്.

Homeopathic treatment for small-pox.

70. മിസ്റ്റർ. സി. എൻ. ഇട്ടിരവി നമ്പൂതിരി.—നമ്മുടെ രാജ്യത്തു ഹോമിയോപതി ചികിത്സ കൊണ്ടു് മസൂരി രോഗത്തിനു വളരെ ഗുണമുള്ളതാണെന്നു ജനങ്ങൾക്കു ബോദ്ധ്യമുള്ളതുകൊണ്ടു് ടി ചികിത്സാക്രമം അംഗീകരിക്കുന്നതിനു ബഹുമനപ്പെട്ട ഗവർമ്മെണ്ടിനു എന്താ വിരോധം?

ഡാക്ടർ. ഡി. രാഘവേന്ദ്രറാവു.—വൈദ്യവിഷയത്തിൽ പലേ തരത്തിലുള്ള ചികിത്സാക്രമങ്ങൾ ഉള്ളതിനാൽ അവയിൽ ഓരോ രീതിയിലും ജനങ്ങൾക്കു ബോദ്ധ്യമുണ്ടാവാൻ സംഗതിയുണ്ടു്. എന്നിരിക്കെ ഓരോ പക്ഷക്കാരുടെ ഹിതമനുസരിച്ചുള്ള ചികിത്സാക്രമങ്ങൾ ഗവർമ്മെണ്ടു അംഗീകരിച്ചു് ഏർപ്പാടാക്കുകയും ചെയ്യുന്നതിനു മതിയായ കാരണം കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly